**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **null**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാളികേര സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.01.2022 ലെ സ.ഉ.(കൈ)നം.3/2022 ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങു വില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.എസ്/ സി.പി.സി/ സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും, നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില Price Support Scheme (പി.എസ്.എസ്) പദ്ധതി 2022 |

| | | | |
|---|---|---|---|
| | | | പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങു വില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി e - സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും / 7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്. |
| (ബി) | പഞ്ചായത്തുതലത്തിൽ നാളികേര സംഭരണകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ബി) | പഞ്ചായത്ത് തലത്തിൽ നാളികേര സംഭരണകേന്ദ്രം ആരംഭിക്കുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ